തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
**സോഷ്യോളജി ഗവേഷണ ജേർണൽ**
Included In UGC Care List


# സാമൂഹ്യ വിഷയങ്ങളുടെ സമൂഹശാസ്ത്ര വിചിന്തനങ്ങൾ

ഇഷ്യൂ എഡിറ്റർ:
**ഡോ. സ്വപ്നാറാണി എസ്. എസ്.**

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
വാക്കാട് പി.ഒ, തിരൂർ
മലപ്പുറം, കേരളം 676 502

6
സോഷ്യോളജി ഗവേഷണ ജേർണൽ
സാമൂഹ്യ വിഷയങ്ങളുടെ സമൂഹശാസ്ത്ര വിചിന്തനങ്ങൾ

സമീക്ഷ
വാല്യം 6
2022 - 2023



തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
**സോഷ്യോളജി ഗവേഷണ ജേർണൽ**
Included In UGC Care List

# സാമൂഹ്യ വിഷയങ്ങളുടെ സമൂഹശാസ്ത്ര വിചിന്തനങ്ങൾ

ഇഷ്യൂ എഡിറ്റർ:
**ഡോ. സ്വപ്നാറാണി എസ്. എസ്.**

# സാമൂഹ്യ വിഷയങ്ങളുടെ
# സമൂഹശാസ്ത്ര വിചിന്തനങ്ങൾ

ഇഷ്യു എഡിറ്റർ
ഡോ. സ്വപ്നാറാണി എസ്.എസ്.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
തിരൂർ, മലപ്പുറം, കേരളം.

## ഉള്ളടക്കം


എഡിറ്റോറിയൽ 04

1. **മനുഷ്യ-വന്യജീവി സംഘർഷവും ആനകാവൽക്കാരും: ജീവനം, ഉപജീവനം, വെല്ലുവിളികൾ** 05–22
ലിജോ പി ജോർജ് & എം എസ് ജയകുമാർ

2. **പുനരധിവാസവും നഷ്ടപരിഹാരവിതരണവും: വല്ലാർപ്പാടം പദ്ധതിയെ മുൻനിർത്തിയുള്ള സമൂഹശാസ്ത്രപഠനം** 23–46
ബുഷറാ ബീഗം ആർ. കെ.

3. **പാൻ ഇന്ത്യൻ ചലച്ചിത്രങ്ങളിലെ സ്ത്രീ പുരുഷ കഥാപാത്ര നിർമിതി : സൈദ്ധാന്തിക പരിസരങ്ങൾ** 47–55
വിദ്യ ആർ.

4. **കുംഭാര സമൂഹത്തിലെ സ്ത്രീജീവിതങ്ങൾ** 56–64
സവ്യ വി. നീലങ്കാവിൽ, ഡോ. പുഷ്പം എം.

5. **സ്ത്രീ ഉന്നമനവും കേരളീയ നവോത്ഥാനവും : ഒരു പുനർവായന** 65–81
മായാദേവി എം.

6. **മധ്യകാല കേരളീയ സമൂഹപഠനം ലിഖിതവിജ്ഞാനീയത്തിലൂടെ** 82–97
മഞ്ജുഷ ആർ. വർമ്മ

7. **ചിലപ്പതികാരം : കാലം, ദേശം, കേരളീയസമൂഹം** 98–118
ശുഭ കെ.

8. **കേരളത്തിലെ ഗോത്രവിഭാഗങ്ങളും സർക്കാർ പദ്ധതികളും : പ്രശ്നങ്ങളും പ്രതിസന്ധികളും മുൻനിർത്തി ഒരു അവലോകനം** 119–133
സി. ഗണേഷ്

9. **ഓണവില്ല് ചിത്രകലയും: സാമൂഹിക സാംസ്കാരിക തലങ്ങളും** 134–147
സാജു കെ. നായർ

10. **പൊതുഇടവും സ്ത്രീനിർമിതിയും: കേരളീയ സാമൂഹ്യപരിസരങ്ങളിൽ** 148–172
സ്വപ്നാറാണി എസ്.എസ്.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
സോഷ്യോളജി ഗവേഷണ ജേണൽ
സമീക്ഷ
വാല്യം 6
2022 - 2023

# മധ്യകാലകേരളീയ സമൂഹപഠനം ലിഖിതവിജ്ഞാനീയത്തിലൂടെ

■ മഞ്ജുഷ ആർ. വർമ്മ.*

**സംഗ്രഹം**
മനുഷ്യരാശിയുടെ പരിണാമഘട്ടങ്ങളിൽ നേടിയെടുത്ത ഏറ്റവും വലിയ സിദ്ധിയാണ് എഴുത്തുവിദ്യ[1]. വാമൊഴിയിൽ നിന്നും വരമൊഴിയിലേക്കുള്ള മാറ്റം സാംസ്കാരിക പുരോഗതിയുടെ നാഴികക്കല്ലായി മനസ്സിലാക്കാം. ഭാഷ, ലിപി എന്നിവ പരസ്പര ആശയവിനിമയത്തിനുള്ള ഉപാധി എന്നതിലുപരി ഒരു പ്രദേശത്ത് തെഴുത്തു വളർന്ന സംസ്കാരത്തെക്കൂടി ഉൾക്കൊള്ളുന്നതാണ്. അതുകൊണ്ടുതന്നെ വിവിധ പ്രദേശങ്ങൾ തമ്മിൽ കര- കടൽ വാണിജ്യത്തിലൂടെ പരസ്പരം ബന്ധപ്പെടുമ്പോഴും സാധനസാമഗ്രികൾക്കൊപ്പം ഭാഷയിലൂടെ സാംസ്കാരിക കൈമാറ്റവും നടന്നിട്ടുള്ളതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. പ്രാചീന സമൂഹരൂപീകരണ ചരിത്രത്തെ അടുത്തറിയുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട ഉപാദാനങ്ങളാണ് ലിഖിതങ്ങൾ. മധ്യകാല കേരളചരിത്രത്തിന്റെ അടിസ്ഥാന ശിലകളായ ലിഖിതങ്ങൾ അധികവും എഴുതപ്പെട്ടിരിക്കുന്നത് വട്ടെഴുത്ത് ലിപിയിലാണ്. ഇത്തരത്തിൽ ലിഖിതങ്ങൾ എപ്രകാരം സാമൂഹ്യ ചരിത്രനിർമ്മിതിക്ക് ഉപകരിക്കും എന്നതാണ് പ്രധാനമായും ഈ പഠനത്തിലൂടെ വിശദീകരിക്കാൻ ശ്രമിക്കുന്നത്. കേരളത്തിൽ രൂപപ്പെട്ടുവന്ന സമൂഹചരിത്രസംബന്ധിയായ ഏതാനും വട്ടെഴുത്തുലിഖിതങ്ങളെ പരിചയപ്പെടുത്തിക്കൊണ്ടുള്ള മധ്യകാലകേരള സമൂഹചരിത്രപഠനമാണ് ഈ ലേഖനം

ഏതെങ്കിലും ഒരു വസ്തുവിൻമേലുള്ള എഴുത്തിനെയാണ് ലിഖിതം എന്നതുകൊണ്ട് സാമാന്യമായി അർത്ഥമാക്കുന്നത്. സാധാരണഗതിയിൽ തങ്കം, സ്വർണ്ണം, വെള്ളി, ചെമ്പ്, നാണയങ്ങൾ, പനയോല, ഭൂർജ്ജപത്രം, തോൽ, മുള, മൺപാത്രങ്ങൾ, ശില, തുടങ്ങി വിവിധതരം വസ്തുക്കളിൽ എഴുത്തുകൾ കാണപ്പെടുന്നുണ്ട്. വാമൊഴിയിൽ നിന്നും വരമൊഴിയിലേക്കുള്ള

*അസിസ്റ്റന്റ് പ്രൊഫസർ, ചരിത്രപഠനവിഭാഗം, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, തിരൂർ, മലപ്പുറം.

മനുഷ്യസമൂഹത്തിന്റെ മാറ്റമാണ് എഴുത്ത്. ഈജിപ്തിലെ ഹയറോഗ്ലി ഹാഫിക്സ്[2], സുമേറിയയിലെ ക്യൂണിഫോം, ഹാരപ്പയിലെ സൈന്ധവലിപി എന്നീ ലിപികളെല്ലാം ലോകത്തിലെ പ്രധാന നാഗരിക പരിഷ്കൃതികളുമായി ബന്ധപ്പെട്ടവയാണ്. അപ്പോൾ എഴുത്ത് എന്നത് മനുഷ്യ സമൂഹത്തിന്റെ വികാസവുമായി തീർത്തും ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കാണാം.

ഇന്ത്യയിൽ സൈന്ധവലിപി മാതൃകയുമായി ബ്രാഹ്മിക്ക് ചില പണ്ഡിതന്മാർ ബന്ധം കൽപ്പിക്കുന്നുണ്ടെങ്കിലും സ്വതന്ത്രമായി പരിണമിച്ച് രൂപപ്പെട്ടുവന്ന ലിപിയാണിതെന്നു കാണാം. ഇന്ത്യയിലുടനീളം ഇന്ന് ഉപയോഗിക്കുന്ന എല്ലാ ഭാഷകളുടെയും അടിസ്ഥാന ലിപി മാതൃകയായി ബ്രാഹ്മിയെ കണക്കാക്കാം. തെക്കൻ എന്നും വടക്കൻ എന്നും രണ്ട് ശൈലികൾ ഉള്ള ബ്രാഹ്മി ലിപിയെ ഇന്ത്യൻ ലിപികളുടെ മാതാവ് എന്ന് വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല. ബ്രാഹ്മിക്ക് രണ്ട് മാതൃകകളാണ് ഉള്ളത് ഒന്ന് ഉത്തരബ്രാഹ്മി അഥവാ മൗര്യ ബ്രാമി മറ്റൊന്ന് ദക്ഷിണബ്രാമി അഥവാ തമിഴ് ബ്രാഹ്മി. 1784 ൽ സ്ഥാപിക്കപ്പെട്ട 'ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ഇന്ത്യ' ചരിത്രം, കല, ശാസ്ത്രം, സാഹിത്യം തുടങ്ങി ഇന്ത്യയുടെ ഭൂതകാലശേഷിപ്പുകളെ സംബന്ധിച്ചുള്ള പഠനം നടത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചതിന്റെ ഭാഗമായിട്ടാണ് ഈ ലിപി വായിച്ചെടുക്കുന്നത് (ജലീൽ, 1989). തുടർന്ന് നമ്മുടെ ഭരണ പാരമ്പര്യത്തേയും വൈജ്ഞാനിക സമ്പത്തുള്ള സമൂഹത്തേയും ലോകം അറിഞ്ഞു. വില്യം ജോൺസ്, ഭഗവത്ഗീതയുടെ വ്യാഖ്യാതാവായ ചാൾസ് വിൽക്കിൻസ്, ജെയിംസ് പ്രിൻസപ്പ് തുടങ്ങിയ പണ്ഡിതന്മാരുടെ ശ്രമഫലമായി അശോക ബ്രാഹ്മി ആദ്യമായി വായിച്ചെടുത്തു. ഉത്തരേന്ത്യയുടെ വിവിധഭാഗങ്ങളിൽ നിന്നായി കണ്ടുകിട്ടിയ നാണയങ്ങളിൽ ഇരുവശങ്ങളിലുമായി രണ്ടുതരം ലിപികൾ മുദ്രണം ചെയ്തിട്ടുണ്ടായിരുന്നു[3]. ഇത് പണ്ഡിതശ്രദ്ധയാകർഷിക്കുകയും അതിൽ ഒരു വശം മുദ്രണം ചെയ്തിരിക്കുന്ന ഗ്രീക്ക് ലിപി ജെയിംസ് പ്രിൻസപിന് വായിക്കുവാൻ കഴിഞ്ഞതോടെ അതേ കാര്യം തന്നെ മറ്റൊരു ലിപിയിൽ കൊത്തിയതാകാം എന്ന് മനസ്സിലാക്കിക്കൊണ്ട് ആദ്യമായി മൗര്യ ബ്രാഹ്മിയിലെ ചില അക്ഷരങ്ങൾ വായിച്ചെടുത്തു. ബ്രാഹ്മിയുടെ തെക്കൻ ശൈലിയെ 'ദക്ഷിണി' എന്നും 'തമിഴ് ബ്രാഹ്മി' എന്നും അറിയപ്പെടുന്നു. ദക്ഷിണ ബ്രാഹ്മിയിൽ നിന്നാണ് ദക്ഷിണേന്ത്യൻ ലിപികൾ രൂപം കൊള്ളുന്നത്.

കേരളത്തിൽ മലയാളഭാഷയുമായി ബന്ധപ്പെട്ട പ്രധാന ലിപികളായ വട്ടെഴുത്ത്, കോലെഴുത്ത്, ഗ്രന്ഥാക്ഷരം തുടങ്ങിയ ലിപികളുടെ ഉത്ഭവം ബ്രാഹ്മിയിൽ നിന്നാണ് ഉണ്ടായിട്ടുള്ളത്. മധ്യകാല കേരളസമൂഹ ചരിത്ര രചനക്ക് ആവശ്യമായ ലിഖിത ലക്ഷ്യങ്ങൾ അധികവും വട്ടെഴുത്തിലാണ് ഉള്ളത്. ശിലാശാസനങ്ങളിൽനിന്ന് പ്രാചീന- മധ്യകാല ഭരണ സമ്പ്രദായങ്ങൾ, സമുദായങ്ങൾ, രാജ്യസ്ഥിതി, സാമൂഹ്യജീവിതം, വാണിജ്യം, സാഹിത്യം, ശാസ്ത്രവിജ്ഞാനം തുടങ്ങി സമൂഹത്തിന്റെ വ്യത്യസ്ത തലങ്ങളെ പരിചയപ്പെടാൻ സാധിച്ചിട്ടുണ്ട്. മുഖ്യമായും ലിഖിതങ്ങളെ ശാസനങ്ങൾ, ദാനരേഖകൾ, വാണിജ്യരേഖകൾ, ഭൂമി ഇടപാടുരേഖകൾ, സാഹിത്യ രേഖകൾ, ശാസ്ത്രരേഖകൾ എന്ന് തരം തിരിക്കാം (പരമേശ്വരൻ പിള്ള, 1978). ഇതിൽ ഏറ്റവും സാധാരണയായി കണ്ടുവരാറുള്ള രേഖകളാണ് ശാസ

നങ്ങളും, ദാന രേഖകളും. ശാസനങ്ങൾ മുഖ്യമായും കണ്ടെത്തിയിട്ടുള്ളത് മുപ്പത്തിരണ്ട് ബ്രാഹ്മണ ഗ്രാമങ്ങളോട് ചേർന്നു നിൽക്കുന്ന ക്ഷേത്രങ്ങളിലോ അവയുടെ പരിസരത്തോ ആണ്.

ക്ഷേത്ര സംബന്ധിയായ രേഖകളാണ് ദാനരേഖകളിലേറെയും. സ്വത്തുക്കൾ സ്വമേധയാ ക്ഷേത്രത്തിനു ദാനം ചെയ്യുന്ന സമ്പ്രദായം കേരളത്തിൽ നിലവിലുണ്ടായിരുന്നു. ഇത്തരം ദാനങ്ങൾ ക്ഷേത്ര കോർപ റേറ്റുകളുടെ വളർച്ചക്കും വികാസത്തിനും വഴിയൊരുക്കി (നാരായണൻ, 2013). ക്ഷേത്രത്തിലേക്കു ലഭിക്കുന്ന ദാനങ്ങളുടേയും കൈമാറ്റങ്ങളുടേയും സ്വഭാവമനുസരിച്ച് ക്ഷേത്രങ്ങൾക്ക് ലഭ്യമാകുന്ന വിവിധ രൂപത്തിലുള്ള ഭൂസ്വത്തവകാശങ്ങൾ ശ്രദ്ധേയമാണ്. ഇവിടെ ദാതാവിന്റെ സാമൂഹ്യപദവി ക്കനുസരിച്ച് മാറ്റപ്പെടുന്ന ക്ഷേത്രത്തിലേക്ക് ദാനം ചെയ്യപ്പെടുന്ന ഭൂമിയുടെ സ്ഥാനവും അത്യന്തം കൗതുകകരമാണ് (Gurukkal, 2012). ലിഖിതങ്ങളിൽ നിന്നും രണ്ടുതരത്തിലുള്ള സമൂഹം സമാന്തരമായി വർത്തിച്ചു വന്നതിന്റെ സൂചനകളാണ് ലഭ്യമാകുന്നത്. ഏതാനും ലിഖിതങ്ങൾ ഉദാഹരിച്ചുകൊണ്ട് മധ്യകാല കേരളത്തിന്റെ സാമൂഹ്യചരിത്രം താഴെ വിശദീകരിക്കുന്നു. ക്ഷേത്രകേന്ദ്രീകൃത സമൂഹത്തെയും ക്ഷേത്രേതര സമൂഹത്തേയും പ്രത്യേകം അടയാളപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്.

**ക്ഷേത്രകേന്ദ്രീകൃത സമൂഹം**

മധ്യകാലകേരളത്തിലെ ക്ഷേത്രകേന്ദ്രീകൃത സമൂഹത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ ലഭ്യമായ ലിഖിതലക്ഷ്യങ്ങളിൽ നിന്ന് മനസ്സിലാ ക്കാവുന്നത് 32 ബ്രാഹ്മണഗ്രാമങ്ങളെക്കുറിച്ചും അവയുമായി ബന്ധപ്പെട്ട ക്ഷേത്ര സങ്കേതങ്ങളെക്കുറിച്ചുമുള്ള വിവരങ്ങളാണ്. വടക്ക് പയ്യന്നൂർ മുതൽ ചൊകിരം വരെയുള്ള ആദ്യ പത്ത് ഗ്രാമങ്ങളിൽ പയ്യന്നൂരും പെരുഞ്ചല്ലൂരും ഒഴിച്ചാൽ ബാക്കിയുള്ള ഗ്രാമങ്ങൾ നിളയോട് ചേർന്നാണ് കാണാൻ സാധിക്കു ന്നത്. ഏറ്റവും കൂടുതൽ ഗ്രാമങ്ങൾ കേന്ദ്രീകരിച്ചിട്ടുള്ളത് ഭാരതപ്പുഴക്കും പെരിയാറിനും ഇടയിലുള്ള ഭൂപ്രദേശങ്ങളിലാണ്. കൃഷിക്കുപയുക്തമായ പ്രദേശങ്ങളാണ് ഇവയൊക്കെ. എക്കൽമണ്ണും ജലസ്രോതസ്സുകളും ഈ പ്രദേശങ്ങളിൽ സുലഭമാണെന്നു കാണാം (വെളുത്താട്ട്, 2013). പശ്ചിമഘ ട്ടത്തിനും അറബിക്കടലിനുമിടയിലുള്ള നെൽകൃഷിക്ക് ഉപയുക്തമായ എല്ലാ പ്രദേശങ്ങളും ബ്രാഹ്മണഗ്രാമങ്ങളുടേതായി മാറിക്കഴിഞ്ഞിരുന്നു. കേരളത്തിൽ നിന്നും നെല്ല് പുറത്തേക്ക് കയറ്റി അയച്ചിട്ടില്ലെങ്കിൽ പോലും ഇവിടുത്തെ തൊഴിലധിഷ്ഠിത ജാതിശ്രേണികളെ ക്ഷേത്രവുമായി ബന്ധപ്പെടുത്തി നിലനിർത്തി ക്കൊണ്ടുപോകുന്നതിന് നെൽകൃഷിയുമായി ബന്ധപ്പെട്ട സാമൂഹ്യജീവിതം കാരണമായി.

ദക്ഷിണേന്ത്യയിൽ പൊതുവേ കാണുന്ന ബ്രാഹ്മണാധിവാസമേഖ ലകൾ രണ്ട് തരത്തിലുള്ളതാണ്. കേരളം ഒഴിച്ചുള്ള മറ്റു ദക്ഷിണേന്ത്യൻ പ്രദേശങ്ങളിൽ ബ്രഹ്മദേയഗ്രാമങ്ങൾ കാണാമായിരുന്നു. ബ്രഹ്മദേയ ഗ്രാമങ്ങളെ കേന്ദ്രീകരിച്ചായിരുന്നു എല്ലാ സാമൂഹ്യ വ്യവഹാരങ്ങളും നടന്നിട്ടുണ്ടായിരുന്നത് (വെളുത്താട്ട്, 2017). ചോള, പാണ്ഡ്യ, പല്ലവന്മാരിൽ

നിന്നും മറ്റുമായി ധാരാളം ദാനഭൂമികൾ ബ്രാഹ്മണർക്ക് ലഭിച്ചിരുന്നു (ഗുരുകൾ, 1992). എന്നാൽ കേരളത്തെ സംബന്ധിച്ച് ബ്രാഹ്മണ പ്രഭുഭരണത്തോട് വിധേയത്വമുള്ള രാജവാഴ്ചയാണ് നമ്മുക്ക് കാണാൻ സാധിക്കുക (1992). കേരളത്തിലെ ഒരു രാജവാഴ്ച സമ്പ്രദായത്തെക്കുറിച്ച് സൂചിപ്പിക്കുന്ന, ലഭ്യമായതിൽ ഏറ്റവും പ്രാചീന രേഖയായ വാഴപ്പള്ളി ശാസനത്തിൽ ബ്രാഹ്മണ സമ്പ്രദായങ്ങളോട് അങ്ങേയറ്റം വിധേയത്വം പുലർത്തുന്ന ഭരണക്രമമാണ് നമ്മുക്കു കാണാൻ സാധിക്കുന്നത് (വെളുത്താട്ട്, 2010). മാത്രമല്ല പലവിധേനയും കേരളത്തിന്റെ തനത് സാമൂഹ്യ വ്യവസ്ഥയ്ക്ക് അനുസൃതമായ സവിശേഷമായ ചില രീതികൾ സ്വീകരിക്കുവാനും കേരള ബ്രാഹ്മണർ തയ്യാറായിട്ടുണ്ട്. അവർക്കിടയിൽ നിലനിന്നിരുന്ന പല നിർബന്ധിത ആചാരശീലങ്ങളെ ലഘൂകരിച്ചു കൊണ്ടും തദ്ദേശ സമൂഹത്തിൽ നിന്നും ചില ജാതി സമൂഹങ്ങളെ ഉയർത്തിക്കൊണ്ടും ക്ഷേത്രകേന്ദ്രീകൃത സാമൂഹ്യവ്യവസ്ഥയ്ക്ക് തുടക്കമിട്ടു. തിരുവല്ല ക്ഷേത്രവുമായി ബന്ധപ്പെട്ട ചെപ്പേടുകളിൽ ഇത്തരത്തിൽ രൂപപ്പെട്ട മധ്യകാല ജാതിരൂപങ്ങളുടെയും സ്ഥാനമാനങ്ങളുടെയും നീണ്ട നിര തന്നെ കാണാം (ഗോപിനാഥ റാവു, 1992). ഉദാഹരണത്തിന് തിരുവല്ല ക്ഷേത്രത്തിലേക്ക് ദാനം നൽകിയവരുടെ കൂട്ടത്തിൽ പെരുമാൾ[4], നാടുവാഴികൾ[5], ചോള രാജാവ്[6], സാധാരണക്കാർ[7] തുടങ്ങി വ്യത്യസ്ത രാഷ്ട്രീയ -ഭരണ -സമൂഹമണ്ഡലങ്ങളിൽ നിന്നുള്ള വ്യക്തികളെ കാണാം (രാഘവവാര്യർ, 2021).

കേരളത്തിലേക്ക് വന്ന ബ്രാഹ്മണർ ആര്യന്മാർ എന്ന് തന്നെയാണ് അറിയപ്പെട്ടിരുന്നത്. 'ശർമൻ' എന്നും മറ്റുമുള്ളപദങ്ങൾ ഇവരുടെ പേരിനൊപ്പം കാണാം. സാധാരണഗതിയിൽ കുടുംബത്തിലെ ഏറ്റവും മുതിർന്ന പുരുഷനാണ് സ്വത്തുവകകളുടെ എല്ലാം ഉടമസ്ഥൻ. നാട്ടാചാരങ്ങളുമായി പലവിധത്തിൽ പൊരുത്തപ്പെടേണ്ടിവന്ന കേരള ബ്രാഹ്മണസമൂഹം പൂർവ ശിഖ, സംബന്ധം തുടങ്ങിയ ആചാരങ്ങൾ സ്വീകരിച്ചു. പുരുഷന്മാരിൽ ഇളയവരാണ് മറ്റ് ജാതി സമൂഹങ്ങളുമായി സംബന്ധരൂപത്തിൽ വൈവാഹിക ബന്ധത്തിൽ ഏർപ്പെട്ടുവന്നത്. ഇന്ത്യയുടെ മറ്റിടങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളം മാത്രം ഭാർഗവക്ഷേത്രം എന്നറിയപ്പെട്ടു. കൊങ്കൺ തീരം വഴി കേരളത്തിലേക്ക് കടന്നുവന്ന ആര്യൻ കുടിയേറ്റകാലം മുതൽ ഇവിടെ പ്രചരിച്ച പരശുരാമ കഥയ്ക്ക് സാധുത ഉണ്ടാക്കിയെടുക്കുന്ന തരത്തിലായിരുന്നു കേരളം ഭാർഗ്ഗവക്ഷേത്രമാണെന്ന സങ്കല്പവും അതിൻറെ പ്രചാരവും.

മധ്യകാലലിഖിതങ്ങളിൽ ബ്രാഹ്മണേതര ക്ഷേത്രസമൂഹത്തെപ്പറ്റിയുള്ള പരാമർശങ്ങളിൽ കേരളത്തിലെ പല തൊഴിൽ കൂട്ടങ്ങളെപ്പറ്റിയും പരാമർശം ഉണ്ട് എന്നാൽ ജാതി എന്നുള്ള നിലയിൽ നായർ വിഭാഗത്തെക്കുറിച്ച് പരാമർശം കാണുന്നില്ല (എം. ജി. എസ്. നാരായണൻ, 2013). പല ചരിത്രകാരന്മാരും നരവംശശാസ്ത്രജ്ഞരും കേരളത്തിലെ നായന്മാരുടെ ഉത്ഭവത്തെക്കുറിച്ച് വ്യത്യസ്ത വീക്ഷണങ്ങൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. പലരും നാഗാരാധനയുമായി ബന്ധപ്പെട്ടും സിന്ധുനദീതട സംസ്കാരവുമായിചേർത്തുവെച്ചും ഇവരുടെ ഉത്ഭവത്തെക്കുറിച്ച് വ്യത്യസ്ത സൈദ്ധാന്തിക വീക്ഷണങ്ങൾ മുന്നോട്ടു വയ്ക്കുന്നുണ്ട്. എന്നാൽ എം.ജി.എസ്

നാരായണന്റെ (2013) അഭിപ്രായത്തിൽ ഇവർ കേരളത്തിൽ തന്നെ ഉണ്ടായിരുന്നവരും പടിഞ്ഞാറൻ തീരത്ത് കൂടി ഇവിടെ എത്തിച്ചേർന്ന ബ്രാഹ്മണരാൽ വ്യത്യസ്ത സാമൂഹിക സാഹചര്യങ്ങളിലൂടെ ഉണ്ടായിത്തീർന്ന തദ്ദേശ ജനത തന്നെയാണ് (2013). സംബന്ധം, ഫ്യൂഡലിസം തുടങ്ങി ഒട്ടനവധി സാമൂഹ്യ സമ്പ്രദായങ്ങൾക്ക് വഴിതെളിച്ചത് ഈ ആര്യന്മാരുടെ ആഗമനമാണ്.

ഇതുകൂടാതെ ക്ഷേത്രവുമായി നേരിട്ട് ബന്ധപ്പെടുന്ന ചില ജാതി രൂപങ്ങൾ പ്രത്യേകിച്ച് തൊഴിലുമായി ബന്ധപ്പെട്ടവ ഇക്കാലത്ത് തിരിച്ചറിയാൻ സാധിക്കും. പൊതുവാൾ, വാരിയർ, ചാക്യാർ, നമ്പ്യാർ, നങ്ങ്യാർ തുടങ്ങി ലിഖിതങ്ങളിൽ കാണപ്പെടുന്ന പല പദസൂചനകളും ഇത്തരത്തിലുള്ള ക്ഷേത്ര ജാതികളെയാണ് സൂചിപ്പിക്കുന്നത് (ഗുരുക്കൾ, 2012).

കേരളസമൂഹത്തിന്റെ വളർച്ചക്കും കാർഷിക വികസനത്തിനും കാരണക്കാരാണ് ഇവിടുത്തെ തൊഴിൽക്കൂട്ടങ്ങൾ. മധ്യകാല ലിഖിതങ്ങളിൽ കൃത്യമായി ഇവരെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. പെരുംതച്ചൻ, പെരും തട്ടാൻ, ആചാരി തുടങ്ങിയ പദങ്ങൾ ഇവരുടെ സാമൂഹ്യപദവി സൂചിപ്പിക്കുന്നു. കല്ലൻ, കൊല്ലൻ, ആശാരി, മൂശാരി, തട്ടാൻ തുടങ്ങി വ്യത്യസ്ത നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരുന്ന ഇവർ മലയാളസമൂഹത്തിന്റെ അവശ്യ ഘടകങ്ങളായിരുന്നു എന്ന് സൂചിപ്പിക്കുന്ന ലിഖിതസാക്ഷ്യങ്ങളേറെയുണ്ട് (വെളുത്താട്ട്, 2013). ചൈനയിൽ നിന്നുള്ള ചെമ്പ് മുതലായ ലോഹവസ്തുക്കളുടെ ഇറക്കുമതിയും കൂട്ടുലോഹനിർമ്മിതിയുടെ വളർച്ചയും ഈ തൊഴിൽക്കൂട്ടങ്ങളുടെ സാമൂഹ്യചരിത്രവുമായി ബന്ധപ്പെട്ടു നിൽക്കുന്നത് തന്നെയാണ് (രാഘവവാരിയർ, 2017). കൂട്ടുലോഹ നിർമ്മിതിയിൽ മറ്റേതൊരു പ്രദേശത്തേക്കാളുമേറെ പ്രാധാന്യം കേരളത്തിനുണ്ട്. കൂട്ടുലോഹ സാങ്കേതികവിദ്യയുടെ വളർച്ചക്ക് ഉത്തമോദാഹരണമാണ് ആറന്മുള കണ്ണാടി.

കേരളത്തിലെ അടിസ്ഥാന ജനവിഭാഗങ്ങളായ പുലയ വിഭാഗത്തെ സംബന്ധിച്ചും ലിഖിതങ്ങളിൽ പരാമർശം കാണാം. 'ആൾ' അഥവാ 'അടിമ' എന്ന അർത്ഥത്തിലാണ് ലിഖിതങ്ങളിൽ കൂടുതലായി പരാമർശം കാണുന്നത് (2013). 'പുലയർ' എന്ന നാമം തൃക്കാക്കര ക്ഷേത്രലിഖിതത്തിൽ ഉപയോഗിച്ചിട്ടുണ്ട് (2013). സംഘകാലഘട്ടത്തിൽ ഭൂമിയുടെ ഉടയവരായിരുന്നവർ ചേരകാലഘട്ടം മുതൽതന്നെ അടിമകളായി മാറ്റപ്പെടുന്നത് കാണാം. ഭൂമിയോടൊപ്പം ആൾ അഥവാ അടിമകളെയും കൈമാറ്റം ചെയ്തിരുന്നതായി കിളിമാനൂർ ചെപ്പേടിൽ കാണാം (രാമചന്ദ്രൻ, 2007).

**ജാതിയും ഫ്യൂഡൽ വ്യവസ്ഥയും**

കേരള സാമൂഹ്യ പരിഷ്കരണത്തിന്റെ കാലം എത്തുമ്പോഴേക്കും ഇത്തരത്തിൽ പല ജാതിയായി പിരിഞ്ഞ വിവിധ സമൂഹങ്ങൾ സാമ്പത്തിക സാമൂഹ്യ കാരണങ്ങളാൽ പലവിധ ഉച്ചനീചത്വങ്ങളിലേക്ക് സഞ്ചരിക്കുന്നതായി കാണാം. ജാതിപരമായ അടിമത്തത്തിലേക്ക് ചില പ്രത്യേക വിഭാഗങ്ങൾ എത്തിച്ചേരുന്നതിനും മറ്റൊരു വിഭാഗം ജന്മിത്തത്തിലേക്കു മാറ്റപ്പെടുന്നതിനും ഫ്യൂഡൽ സമ്പ്രദായം വഹിച്ചിട്ടുള്ള പങ്ക് ഇവിടെ പരിഗണിക്കാവുന്നതാണ്. ഫ്യൂഡലിസം എന്ന ആശയം അഞ്ചാം നൂറ്റാണ്ട് മുതൽ

പതിനഞ്ചാം നൂറ്റാണ്ട് വരെ യൂറോപ്പുമായി ബന്ധപ്പെട്ട് നില നിന്നിരുന്ന ഭൂ- രാഷ്ട്രീയ സമ്പ്രദായമായി പരിഗണിക്കുമ്പോഴും ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും വ്യത്യസ്ത രൂപങ്ങളിൽ ഈ സമ്പ്രദായം നിലനിന്നിരുന്നതായി ഇന്ത്യൻ ഫ്യൂഡലിസവുമായി ബന്ധപ്പെട്ട ആധികാരിക പഠനം നടത്തിയിട്ടുള്ള ആർ. എസ്. ശർമയുടെ (മുഖ്യ, 2014) നിരീക്ഷണങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അടിസ്ഥാനപരമായി ഭൂമിയുമായി ബന്ധപ്പെട്ടുള്ള ഭരണ -രാഷ്ട്രീയ ക്രമമാണ് ഫ്യൂഡൽവ്യവസ്ഥ. ഇന്ത്യൻ ഫ്യൂഡൽ വ്യവസ്ഥയുടെ ഏറ്റവും പ്രധാന പ്രത്യേകതയാണ് ബ്രാഹ്മ ണർക്ക് കൊടുക്കുന്ന ഭൂദാനങ്ങൾ. ഇത്തരത്തിൽ ഏർപ്പെടുന്ന ഭൂദാനങ്ങളെ സംബന്ധിച്ച് മഹാഭാരതത്തിന്റെ 'അനുശാസന പർവ്വത്തിൽ' വളരെ വിശദമായി പറയുന്നുണ്ട് (ശർമ്മ, 2018). കൂടാതെ ആദ്യകാല പാലി ഗ്രന്ഥങ്ങളിലും പൂർവ്വമൗര്യ കാലഘട്ടങ്ങളിൽ ബ്രാഹ്മണർക്ക് ദാനം ചെയ്തിരുന്ന ഗ്രാമങ്ങ ളെപ്പറ്റി പരാമർശം കാണാം. ബി.സി ഒന്നാം നൂറ്റാണ്ടിലെ ശാതവാഹന ലിഖിതത്തിൽ നിന്നും ഇത്തരത്തിൽ നടന്നിട്ടുള്ള ബ്രാഹ്മണ ഭൂദാനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭിക്കുന്നുണ്ട് (2018). എന്നാൽ ഫ്യൂഡൽ സമ്പ്രദായത്തിന്റെ എല്ലാ പ്രത്യേകതകളും ഉൾക്കൊണ്ടു കൊണ്ടുള്ള ഒരു രാഷ്ട്രീയ ക്രമം ഇന്ത്യയുടെ പശ്ചാത്തലത്തിൽ കണ്ടു തുടങ്ങുന്നത് ഗുപ്തകാലഘട്ടം മുതൽക്കാണ്. ശർമ്മയുടെ അഭിപ്രായത്തിൽ ഒരു സ്റ്റേറ്റ് അഥവാ രാഷ്ട്രം സ്ഥാപിക്കുന്നത് പ്രധാനമായും ഉൽപ്പാദകരിൽ നിന്ന് ശേഖരിക്കുന്ന മിച്ചം അല്ലെങ്കിൽ ഉൽപാദനോപാധികളുടെ വലിയൊരു പങ്ക് കൈവശം വച്ചുകൊണ്ട് ജീവിക്കുന്ന വിഭാഗത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനാണ്. ഇന്ത്യൻ പശ്ചാത്തലത്തിൽ ജാതിയും സ്റ്റേറ്റും പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്നതായി അദ്ദേഹം നിരീക്ഷിക്കുന്നു (2018).

ജാതിയുടെ സാംസ്കാരികവും ആചാരപരവുമായ മാനങ്ങൾ ഒരു വലിയ സാമ്പത്തിക, രാഷ്ട്രീയ ശക്തിയായി ഫലപ്രദമായി പ്രവർത്തിക്കാൻ രാഷ്ട്രത്തെ അഥവാ സ്റ്റേറ്റിനെ സഹായിച്ചിട്ടുണ്ട് (ശർമ്മ, 2018). പ്രാചീനകാലം മുതൽക്ക് തന്നെ രാഷ്ട്രീയവും സാമ്പത്തികവുമായ സുസംഘടിതത്വത്തിൽ ജാതിവഹിച്ചിട്ടുള്ള നിർണായക പങ്കിനെപ്പറ്റി ശർമ്മ വിവിധ സ്ഥലങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട് (2018). ആദ്യകാലത്ത് തൊഴിലിന്റെ പ്രവർത്തനപരമായ വിഭജനം എന്ന നിലക്കാണ് ജാതിസമ്പ്രദായം ആരംഭിച്ചിട്ടുള്ളതെങ്കിലും കാലാന്തരത്തിൽ യോദ്ധാക്കളും പുരോഹിതരും അടങ്ങുന്ന ഒരു കൂട്ടം സമൂഹം മുഖ്യധാര യിലേക്ക് മാറ്റപ്പെടുകയും കർഷകർ, കരകൗശല വിദഗ്ധർ, കച്ചവടക്കാർ തുടങ്ങിയവർ താഴെത്തട്ടിലേക്ക് മാറ്റപ്പെടുകയും ചെയ്തു. ജാതിയെക്കുറിച്ചുള്ള ശർമയുടെ ഈ നിരീക്ഷണങ്ങളെ കേരളത്തിന്റെ സന്ദർഭ വുമായി ബന്ധപ്പെടുത്തിയും നിരീക്ഷിക്കാവുന്നതാണ്. ഉപേന്ദർസിംഗിന്റെ (വെളുത്താട്ട്, 2014) അഭിപ്രായത്തിൽ ഇന്ത്യയിലിന്ന് ഏകീകൃത രൂപത്തിലുള്ള ജാതി ശ്രേണികളല്ല മറിച്ച് ഓരോ പ്രദേശങ്ങളിലെ സാമ്പത്തികവും രാഷ്ട്രീയ വുമായ ഘടകങ്ങളെ ആശ്രയിച്ച് ജാതിസമ്പ്രദായം വ്യത്യാസപ്പെട്ടിരിക്കും. പുരാതന കാലത്തും പൂർവ്വമധ്യകാലഘട്ടങ്ങളിലും ഇന്ത്യയിലെ ജാതി സമ്പ്രദായങ്ങളുടെ സ്വഭാവം ഇതേ രീതിയിൽത്തന്നെയാണ് നിലനിന്നിട്ടുള്ളത് (വെളുത്താട്ട്, 2014).

ദക്ഷിണേന്ത്യയിലെ ഭക്തി പ്രസ്ഥാനത്തെക്കുറിച്ച് എം.ജി.എസ് നാരായണനും കേശവൻ വെളുത്താട്ടും (2010) നടത്തിയിട്ടുള്ള പഠനങ്ങളിൽ മധ്യകാലഘട്ടത്തിന്റെ തുടക്കത്തിൽ ദക്ഷിണേന്ത്യയിൽ നടന്നിട്ടുള്ള സാമൂഹ്യ-സാമ്പത്തിക രൂപീകരണത്തിൽ ഫ്യൂഡലിസം എപ്രകാരം പ്രവർത്തിച്ചു എന്ന് പറയുന്നുണ്ട്. മാർക്ക് ബ്ലോക്ക്, ഡി.സി സർക്കാർ, ഡി.ഡി കോസാംമ്പി, ആർ.എസ്.ശർമ്മ, ബി.എൻ.എസ് യാദവ, ഹർബൻസ് മുഖ്യ, ഹെർമൻ കുൽക്കേ, ബർട്ടൻ സ്റ്റെയിൻ, നോബോറു കരാഷിമ തുടങ്ങി ഈ മേഖലയിലെ ഒട്ടേറെ പണ്ഡിതരുടെ പഠനങ്ങളെ മുൻനിർത്തി മധ്യകാല ദക്ഷിണേന്ത്യൻ സാമൂഹ്യ-രാഷ്ട്രീയ ക്രമങ്ങളിൽ നിലനിന്നിരുന്ന ഫ്യൂഡൽ വ്യവസ്ഥയെ വ്യക്തമാക്കിതരുന്നുണ്ട് വെളുത്താട്ടിന്റെ പഠനങ്ങൾ. ഇത്തരത്തിൽ ഫ്യൂഡൽ സമ്പ്രദായത്തിന്റെ കേരളീയതലം പരിശോധിക്കാവുന്നതാണ്.

യൂറോപ്യൻ ഫ്യൂഡലിസത്തിന്റെ മൂന്ന് പ്രധാന അടിസ്ഥാന സ്വഭാവങ്ങളാണ് ഭൂമിക്ക് മേലുള്ള ഉടമസ്ഥാവകാശം, സേവനം, വിധേയത്വം എന്നിവ. ഇതിൽ ഏതെല്ലാം തരത്തിൽ കേരളത്തിലെ പൂർവാധിനിവേശ സമൂഹം യൂറോപ്യൻ ഫ്യൂഡൽ വ്യവസ്ഥയുമായി സമാനത പുലർത്തുന്നു എന്ന് അറിയേണ്ടതുണ്ട്. യൂറോപ്യൻ ഫ്യൂഡൽ സമ്പ്രദായത്തിൽ അടിമകൾ തങ്ങളുടെ യജമാനന്മാരുടെ ഉടമസ്ഥതയിലാണ് കഴിഞ്ഞിരുന്നത്. പ്രഭുവിന്റെ അനുവാദമില്ലാതെ കൃഷി ചെയ്യുവാനോ വിവാഹം കഴിക്കുവാനോ പോലും ഒരു അടിമയ്ക്ക് സാധിച്ചിരുന്നില്ല. കർഷകരായിരുന്ന അവരിൽ ബഹുഭൂരിപക്ഷവും അടിമത്തത്തിൽ കഴിഞ്ഞിരുന്നു. കേരളത്തിലും അടിസ്ഥാന കർഷക വിഭാഗമായ പുലയർ. ചെറുമർ തുടങ്ങിയവർ ഇത്തരത്തിൽ ഭൂമിക്ക് മേൽ ജന്മാവകാശമില്ലാതെ വിഭവോത്പാദന പ്രക്രിയയിൽ ഏർപ്പെടുകയും ജന്മികൾ പലപ്പോഴും ഭൂമി കൈമാറ്റം ചെയ്യുന്നതോടൊപ്പമോ അല്ലാതെയോ ഇത്തരം അടിസ്ഥാന വിഭാഗങ്ങളെക്കൂടി കൈമാറ്റം ചെയ്തിരുന്നു. ഇവരുടെ അധിവാസ സ്ഥാനത്തെ 'കുടികൾ' എന്നാണ് അറിയപ്പെട്ടിരുന്നത്.

ഇതര ദക്ഷിണേന്ത്യൻ പ്രദേശങ്ങളിൽ നിന്ന് വ്യത്യസ്തമായി ബ്രാഹ്മണരുടെ ആഗമനം കേരളത്തിലേക്ക് എത്തിച്ചേർന്നതോടെ ഇവിടെ നിലനിന്നിരുന്ന തൊഴിൽ സമ്പ്രദായം ബന്ധുത്വാധിഷ്ഠിതം (kin-based) എന്നതിൽ നിന്നും വംശാധിഷ്ഠിതം (clan- based) എന്ന നിലയിലേക്ക് മാറ്റപ്പെട്ടു (ഗുരുക്കൾ, 2012). കേരളത്തിലെ ജാതിവ്യവസ്ഥയുടെ തുടക്കം എന്ന നിലയിൽ ഈ മാറ്റത്തെ കാണാവുന്നതാണ്. ദക്ഷിണേന്ത്യയിൽ പൊതുവേ കാണപ്പെട്ടിരുന്ന ബ്രാഹ്മണ ദാനങ്ങൾ കേരളത്തിൽ ദൃശ്യമായിരുന്നില്ല. ഭൂദാനങ്ങളിലൂടെ അല്ലാതെ തന്നെ കേരളത്തിന്റെ ഫലഭൂയിഷ്ഠമായ പ്രദേശങ്ങളിൽ ആധിപത്യം സ്ഥാപിക്കു വാനും അതുവഴി വംശീയമായ വിധേയത്വത്തോടുകൂടിയ തൊഴിൽ സംസ്കാരത്തിന് തുടക്കം കുറിക്കുവാനും ബ്രാഹ്മണർക്ക് കഴിഞ്ഞു. മിച്ചോത്പാദനത്തിന്റെ വളർച്ചയ്ക്കും വിഭവ കൈമാറ്റങ്ങളുടെ വളർച്ചയ്ക്കും ഇത് കാരണമായിട്ടുണ്ട്. അതിനോടൊപ്പം വംശാധിഷ്ഠിത തൊഴിൽ സംസ്കാരം ജാതി ശ്രേണികളുടെ ആരംഭത്തിനും വളർച്ചയ്ക്കും കാരണമായിട്ടുണ്ട്. യൂറോപ്യൻ ഫ്യൂഡൽ മാതൃകയിൽ ഒരു ത്രൈകോണീകമായ സമൂഹമാതൃക

കാണാൻ കഴിയില്ലെങ്കിലും ജന്മിത്വത്തോടുള്ള അടിസ്ഥാനതൊഴിൽ സമൂഹ ത്തിൻറെ വിധേയത്വവും ഭൂ-ഉടമസ്ഥതയുടെ പ്രത്യേകതകളും അടിമത്തവും പൂർവ്വാധിനിവേശ കേരള സമൂഹത്തിന്റെ അർദ്ധഫ്യൂഡൽ സ്വഭാവത്തിലേക്ക് വിരൽ ചൂണ്ടുന്നു.

ഭൂമിയുടെ മേൽ പ്രാദേശിക ശക്തികൾക്ക് നൽകുന്ന ഉയർന്ന അവകാശങ്ങളും സ്ഥാനവും അതുപോലെ അധിക - സാമ്പത്തിക ശക്തിയും ഉപയോഗിച്ചുകൊണ്ട് അവർ പ്രാഥമിക ഉൽപ്പാദകരിൽ നിന്ന് ഉൽപാദനമിച്ചം നേടിയെടുക്കുക എന്നത് ഫ്യൂഡൽ ഉൽപാദന രീതിയുടെ പ്രധാന സവിശേ ഷതകളിൽ ഒന്നാണ് (ബ്ലോക്, 2017). കേരളത്തിന്റെ പരിതസ്ഥിതിയിലും ബ്രാഹ്മണ ആധിപത്യത്താൽ ഉണ്ടായ ഇത്തരം സാമൂഹ്യ സ്വഭാവങ്ങൾ കാണാവുന്നതാണ്. കേരളത്തിൽ ഭൂസുരർ എന്നറിയപ്പെടുന്ന ബ്രാഹ്മണർ ദേവസ്വം എന്ന പേരിൽ ക്ഷേത്രഭൂമികളുടെ കൂട്ടുടമസ്ഥാവകാശവും ബ്രഹ്മസ്വം എന്ന പേരിൽ നേരിട്ടുള്ള ഭൂസ്വത്ത് അവകാശങ്ങളും സ്വന്തമാ ക്കിയിട്ടുണ്ട്. നേരിട്ട് കാർഷികവൃത്തിയിൽ ഏർപ്പെടാതെ പ്രാഥമിക കൃഷി ക്കാരുടെ അധ്വാനത്തിന്റെ ഫലം കൈപ്പറ്റിക്കൊണ്ടാണ് ഇക്കൂട്ടർ ജീവിച്ചു വന്നത്. ഇന്ന് ചർച്ചചെയ്യപ്പെടുന്ന 'ബ്രാഹ്മണിക്കൽ' എന്ന മനോഭാവത്തിന്റെ ആരംഭവും ഈ സമ്പ്രദായത്തിൽ നിന്നാണെന്ന് മനസ്സിലാക്കാം. ഇത്തരത്തിൽ സമ്പത്ത് - അധികാരങ്ങളുടെ കുത്തകക്കാരായി മാറിയ ബ്രാഹ്മണ മേധാ വിത്തം പന്ത്രണ്ടാം നൂറ്റാണ്ടിലെ സ്വരൂപ കാലഘട്ടത്തോടെ ശക്തി പ്രാപിക്കു ന്നുണ്ട്. ഇത്തരത്തിൽ ഭൂമിയുടെ മേൽ ജന്മാവകാശം നേടിയത് അക്കാലത്ത് ബ്രാഹ്മണർ മാത്രമായിരുന്നു. ജന്മി വ്യവസ്ഥയുടെ ആരംഭത്തെപ്പറ്റി ഇളംകുളം പറയുന്നത് ഇങ്ങനെ:

'ഊരാൺമ അവകാശം പാരമ്പര്യ വഴിക്കായി തീരുന്നതിനുമുമ്പ് ജീവിതകാലം അതായത് ജന്മം മുഴുവൻ ആ അവകാശം വെച്ച് പുലർത്തുന്ന ഒരു അന്തരാളഘട്ടം ഉണ്ടായിരുന്നു. ആ ജന്മാവകാശത്തിൽ നിന്നാണ് 'ജന്മി' യുടെ ഉദ്ഭവം.... ആദ്യകാലത്ത് യോഗ്യന്മാരായ കുറെ പേർ ഊരാളരായി നിയമിതരായി. ഒരു ക്ലിപ്ത കാലത്തേക്കായിരുന്നു ആ നിയമനം. തെരഞ്ഞെ ടുപ്പ് വഴി ആയാലും അല്ലെങ്കിലും വീണ്ടും വീണ്ടും അവരെ തന്നെ നിയമിച്ചു കൊണ്ടിരുന്നു. മിക്കവാറും ജീവിതകാലം മുഴുവൻ ഒരാൾക്ക് ഊരാളനായി തുടരാൻ ഇങ്ങനെ സാധ്യമായി തീർന്നു. അതിന്റെ അടുത്ത പടി ഊരാൺ മയുടെ കാലാവധി ജന്മം മുഴുവൻ എന്ന വ്യവസ്ഥ ആയിരുന്നു. ഊരാളരുടെ ഭരണത്തിലുള്ള വസ്തുക്കളിൽ അവർക്ക് ജന്മാവകാശമേ-ജീവിതാവകാശമേ - ഉള്ളൂവെന്ന അർത്ഥത്തിൽ അവരുടെ അവകാശത്തിന് ജന്മാവകാശം എന്നും പറഞ്ഞു വന്നു. ഒരാളുടെ മരണശേഷം അയാളുടെ അടുത്ത അവകാശിയെ ഊരാളനായി നിയമിക്കുകയായിരുന്നു പിന്നത്തെ പടി. അതിനെ തുടർന്ന് ഊരാൺമാവകാശം പാരമ്പര്യമായി തീരുകയും ചെയ്തു... പാരമ്പര്യമായി തീർന്നതിനു ശേഷവും ക്ഷേത്രം വക വസ്തുക്കളിൽ ജീവിതാവകാശം അല്ലാതെ സ്ഥിരാവകാശമില്ലെന്നു വ്യക്തമാക്കാൻ ജന്മാവകാശം എന്ന പേർ ഉപയോഗിച്ചു പോന്നു...' (ഇളംകുളം, 1966).

ദക്ഷിണേന്ത്യയിലെ മറ്റു പ്രദേശങ്ങളിൽ എന്നപോലെ കേരളത്തിലും വളർന്നുവന്ന ക്ഷേത്ര സങ്കേതങ്ങളെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ജനങ്ങളുടെ സാമൂഹ്യവും സാംസ്കാരികവുമായ ജീവിതത്തോട് അഭേദ്യമായി ബന്ധപ്പെട്ടു കൊണ്ട് ധാരാളം വസ്തുവകകളുടെ ഉടമസ്ഥാവകാശവും സ്വത്തുവകകളും കൈകാര്യം ചെയ്യേണ്ടി വന്ന ക്ഷേത്ര പ്രസ്ഥാനങ്ങൾക്ക് ഒരു ഭരണരീതി ആവശ്യമായി വരികയും അതുമായി ബന്ധപ്പെട്ട് ക്ഷേത്രങ്ങളിലെല്ലാംതന്നെ ഓരോ ഊരാള സമിതി ഉണ്ടായിത്തീരുകയും ചെയ്തു. ഊരാളന്മാർ ആദ്യകാലത്ത് മിക്കവാറും തെരഞ്ഞെടുക്കപ്പെടുകയായിരുന്നു. ഭരണാധികാരിക്കും സമൂഹത്തിനും ഒരുപോലെ വിശ്വാസം ഉണ്ടായിരുന്ന ആളുകളാവും ഊരാളന്മാരായി തെരഞ്ഞെടുക്കപ്പെടുക. സാഹചര്യം നിമിത്തം ലഭ്യമായ സാമൂഹ്യബോധവും സാംസ്കാരിക പാരമ്പര്യവും ഇക്കാര്യത്തിൽ ബ്രാഹ്മണർക്ക് ഹിതമായി സംഭവിച്ചു എന്നുവേണം മനസ്സിലാക്കാൻ. മധ്യകാല കേരളത്തിൽ ഭൂസുരർ ബ്രാഹ്മണരായതുകൊണ്ടുതന്നെ ഭൂനികുതിയിൽ നിന്നുള്ള വരുമാനം ഭരണാധികാരികൾക്ക് കിട്ടിയിരുന്നത് നന്നേ കുറവായിരുന്നു. ഭൂമിനികുതി വരുമാനം ഇല്ലാതായപ്പോൾ പകരം മറ്റ് നികുതികളെ ആശ്രയിക്കേണ്ടിവന്നു[8].

അധിനിവേശകാലാരംഭത്തോടെ സാമ്പത്തിക വ്യവഹാരങ്ങളിൽ ഉണ്ടായ മാറ്റങ്ങൾ പ്രത്യേകിച്ച് പരമ്പരാഗത നെൽകൃഷിക്ക് പകരം നാണ്യവിള കൃഷിയുടെ ആരംഭം പുതിയ തൊഴിലിടങ്ങൾ സൃഷ്ടിച്ചു. ഇതോടെ വംശാധിഷ്ഠിത അഥവാ ജാത്യാധിഷ്ഠിത തൊഴിലുകളുടെ പ്രസക്തി കുറയുകയും അതുവഴി പുതിയ സാമ്പത്തിക ശക്തികൾ ഉയർന്നു വരുകയും ചെയ്തു. നെൽകൃഷിയുടെ പ്രാധാന്യം കുറഞ്ഞതോടെ ക്ഷേത്രകേന്ദ്രീകൃത സമൂഹഘടനയിൽ കാര്യമായ മാറ്റങ്ങൾ സംഭവിക്കുകയും ചെയ്തു. ബ്രാഹ്മണരെ കൂടാതെ മറ്റ് ജാതിയിടങ്ങളിൽ നിന്നും ജന്മിമാർ ഉണ്ടായിത്തീർന്നു.

അധിനിവേശ -പൂർവാധിനിവേശ കാലഘട്ടത്തിലെ കേരള സമൂഹം കാണ -ജന്മ - മര്യാദ എന്ന് പൊതുവായി അറിയപ്പെടുന്ന നാട്ടുനടപ്പനുസരിച്ചാണ് വർത്തിച്ചു വന്നത്. ജന്മികളും കുടിയാന്മാരും അടങ്ങിയ സമൂഹത്തിന്റെ ഇരു തട്ടുകളും തമ്മിൽ പെരുമാറിയിരുന്നത് ഈ സാമൂഹ്യമര്യാദയനുസരിച്ചാണ്. ലോഗന്റെ (2004) അഭിപ്രായത്തിൽ മൈസൂർ ആക്രമണത്തിനും ബ്രിട്ടീഷ് ഭരണത്തിനും മുമ്പ് ഇവിടെ നിലനിന്നിട്ടുള്ള നിയമവാഴ്ചയെ നാട്ടുനടപ്പെന്ന് പറയാം എന്നത്രെ. അധിനിവേശ കാലഘട്ടത്തിൽ ലോഗന്റെയും സർ ചാൾസ് ടെർണറുടെയും (ഇ.എം.എസ്. 2017) അഭിപ്രായങ്ങളാണ് ജന്മി-കുടിയാൻ കലഹങ്ങളിൽ നിയമരക്ഷയ്ക്ക് വേണ്ടി പലരും ഉപയോഗിച്ചിട്ടുള്ളത്. ഇഷ്ടമുള്ളപ്പോൾ കുടിയാനെ ഒഴിപ്പിക്കാനും പൊളിച്ചെടുത്താവശ്യപ്പെടാനും മേൽച്ചാർത്ത് കൊടുക്കാനും മറ്റുമുള്ള അധികാരം ജന്മിക്കുണ്ടെന്ന് ടെർണർ വാദിച്ചപ്പോൾ (2017). യൂറോപ്യന്മാർ മനസ്സിലാക്കുന്ന രീതിയിലുള്ള അവകാശമല്ല കേരളത്തിൽ നിലനിന്നിരുന്നത് എന്നും ഇവിടുത്തെ സ്വത്തവകാശങ്ങൾ കൈമാറിയിരുന്ന രീതി അനുസരിച്ച് ഭൂമിയല്ല മറിച്ച് സ്ഥാനങ്ങളാണ് പരസ്പരം വിൽക്കുകയും വാങ്ങുകയും ചെയ്യുന്നതെന്ന് ലോഗൻ മനസ്സിലാക്കി. ഒരുസ്ഥലത്ത് താമസിക്കുന്ന വിവിധ ജനവിഭാഗങ്ങൾക്ക്

നൽകിയിട്ടുള്ള വിവിധ അധികാര അവകാശങ്ങൾ പൂർവാധിനിവേശ കാലഘട്ടത്തിൽ കാണാവുന്നതാണ് (2017).

### ജാതി-ജന്മിത്തം അധിനിവേശ കാലഘട്ടത്തിൽ

ജാതി-ജന്മിത്തത്തിന് കീഴിൽ അവശ വിഭാഗങ്ങളും കീഴാളരുമായിരുന്ന ജനതയുടെ ജീവിതം മർദ്ദനാധിഷ്ഠിതമായിരുന്നെങ്കിലും അധിനിവേശ കാലഘട്ടത്തിൽ ഇത് കൂടുതൽ വഷളാകുന്നുണ്ട്. ബ്രിട്ടീഷ് ആധിപത്യത്തോടെ നാട്ടുനടപ്പ് എന്നത് മാറി സാമൂഹ്യബന്ധങ്ങൾ നിയമാനുസൃതമായി മാത്രം വ്യാഖ്യാനിക്കപ്പെട്ടു. 1940 ലെ മലബാർ കുടിയായ്മ നിയമവും രാഘവയ്യ കമ്മറ്റി റിപ്പോർട്ടും മറ്റും പഴയ നാട്ടുനടപ്പ് വ്യവസ്ഥകളെ കൂടി പരിഗണിച്ചായിരുന്നു എന്ന് ഓർക്കാം. പഴയ കാണ- ജന്മ- മര്യാദ പ്രകാരമുള്ള സാമൂഹ്യവും രാഷ്ട്രീയവും സാംസ്കാരികവുമായ ജീവിത ബന്ധങ്ങൾ മാറി ഭൂമി കൈവശക്കാരനും ഭൂമിയില്ലാത്തവനും തമ്മിൽ നിയമവ്യവസ്ഥയിലൂടെ ബന്ധപ്പെടുന്ന സാഹചര്യം കടന്നുവന്നു. രണ്ടു നൂറ്റാണ്ടോളം നീണ്ടുനിന്ന അധിനിവേശഭരണത്തിന് ശേഷം കീഴാള സമൂഹത്തിന്റെ സാമ്പത്തിക സാമൂഹ്യ പശ്ചാത്തലം മനസ്സിലാക്കുന്നതിനായി 1934-35 കാലഘട്ടത്തിൽ കൊച്ചിയിൽ ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ ചില വില്ലേജുകളെ പഠനത്തിനായി തിരഞ്ഞെടുക്കുകയും അവിടങ്ങളിൽ സാമ്പത്തിക സർവ്വേ നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓരോ ഗ്രാമത്തിലെയും കുടുംബങ്ങളുടെ എണ്ണം, സ്വത്തുക്കൾ കടബാധ്യത, വരവ് -ചെലവ് മുതലായവ ജാതി തിരിച്ചുതന്നെ മനസ്സിലാക്കിക്കൊണ്ട് ഒരു റിപ്പോർട്ട് സമർപ്പിക്കപ്പെടുകയുണ്ടായി (2011). അന്തിക്കാട് വില്ലേജിനെ മാതൃകയാക്കിക്കൊണ്ട് ഇ.എം.എസ് ഇത് വിവരിക്കുന്നുണ്ട്. ഇത് പ്രകാരം സ്വത്തിന്റെ ഏറ്റവും കൂടുതൽ ഭാഗം കൈവശം ഭൂമി ഉണ്ടായിരുന്നത് ആ ഗ്രാമത്തിലെ നമ്പൂതിരി കുടുംബത്തിനാണ്. അതിന് തൊട്ടടുത്തായി വരുന്നത് ജാതി ക്രമത്തിൽ നമ്പ്യാർ, നായർ,ക്രിസ്ത്യാനി, ഈഴവ, മുസ്ലിം, പുലയ, വേട്ടുവ എന്നിങ്ങനെയാണ്. ഇത്തരത്തിൽ ജാതി -ജന്മി വ്യവസ്ഥയ്ക്കും അധിനിവേശ മർദ്ദനങ്ങൾക്കും വിധേയരായ ഒരു ജനസമൂഹത്തിന്റെ ഇത്രയും കാലഘട്ടങ്ങളിലെ അതിജീവനത്തിന്റെ ശേഷിപ്പായി ഈ സാമ്പത്തിക ക്രമത്തെ കാണാവുന്നതാണ്.

### ക്ഷേത്രേതര സമൂഹം

ഒൻപതാം നൂറ്റാണ്ടിലെ കേരളചരിത്രവുമായി ബന്ധപ്പെട്ട ഏറ്റവും നല്ല തെളിവ് സാമഗ്രിയാണ് തരിസാപ്പള്ളി പട്ടയം. സിറിയൻ കോപ്പർ പ്ലേറ്റ്, കൊല്ലം ചെപ്പേടുകൾ, തബുല ക്വിലോണൻസീസ് എന്നും മറ്റും അറിയപ്പെടുന്ന ഈ ലിഖിതത്തെ ഒൻപതാം നൂറ്റാണ്ടിലെ കേരള സാമൂഹ്യരേഖയായി കണക്കാക്കാവുന്നതാണ്. വ്യത്യസ്ത ദേശസംസ്കാരങ്ങളെ പ്രതിനിധീകരിക്കുന്ന ഭാഷാ- ലിപി വൈവിധ്യങ്ങൾ ഈ ലിഖിതത്തിന്റെ പ്രത്യേകതയാണ്. കൂഫിക്, പഹ്ലവി, ഹീബ്രു, വട്ടെഴുത്ത്, ഗ്രന്ഥാക്ഷരം തുടങ്ങി അഞ്ചുതരം ലിപി വൈവിധ്യവും അറബിക്, പേർഷ്യൻ, ഹീബ്രു, തമിഴ്, മലയാളം എന്നീ ഭാഷാ വൈവിധ്യവും ഇതിന്റെ പ്രത്യേകതകളാണ്.

പട്ടയത്തിലെ ഓരോ ലിപികളും ഓരോ ജനതയെ പ്രതിനിധീകരിക്കുന്നു. അറബികൾ, ജൂതന്മാർ, പാഴ്സികൾ എന്നിവർ യഥാക്രമം കൂഫിക്, ഹീബ്രു, പഹ്ലവി എന്നീ ഭാഷകളിലൂടെ അവരുടെ സാന്നിധ്യം കേരളക്കരയിൽ ഉറപ്പിക്കുന്നു (രാഘവവാര്യർ, 2015).

ഐന്തിണ സങ്കൽപ്പങ്ങളുടെ അടിസ്ഥാനത്തിൽ ഭൂമിശാസ്ത്ര പരമായി നെയ്തൽ തിണയിൽപ്പെടുന്ന പ്രദേശമാണ് കൊല്ലം. മഹാശിലാകാല ഘട്ടത്തോളം പഴക്കം ചെന്നതാണ് കൊല്ലത്തിന്റെ ആൾപാർപ്പിടങ്ങൾ. ഇത്തരം ഇടങ്ങളെ കേരളത്തിൽ കുടികൾ എന്ന് അറിയപ്പെട്ടു. നമ്മുടെ അയൽ പ്രദേശങ്ങളിൽ കാണുന്ന രൂപത്തിൽ തെരുവുകളായിത്തിരിഞ്ഞു ജീവിക്കുന്ന വാസമാതൃക ഇവിടെ കാണുന്നില്ല. മറിച്ച് ഓരോ പാർപ്പിടങ്ങളും ഒറ്റ ഒറ്റ മാത്രകളായി കൂടിച്ചേർന്നു ജീവിക്കുന്ന കുടികളാണ് ഇവിടുത്തെ അധിവാ സമാതൃക. പല കുടികൾ ചേർന്ന് ദേശങ്ങൾ രൂപപ്പെട്ടു പല ദേശങ്ങൾ ചേർന്ന് തറകൾ രൂപപ്പെട്ടു. ദേശങ്ങൾ ചിലയിടങ്ങളിൽ കര എന്നും അറിയപ്പെട്ടു (രാഘവവാരിയർ, 2014). ഇങ്ങനെ ദേശം, കര, നാട് തുടങ്ങി രാഷ്ട്രീയമായി വ്യത്യസ്ത നിലകളിലുള്ള ഉൾപ്പിരിവുകൾ ഈ രേഖകളിൽ സുവ്യക്തമാണ്. ഓരോ കുടിയിടങ്ങളും ഒരോ വിഭവോ ത്പ്പാദന മാത്രകളായി കാലാന്തരത്തിൽ രൂപപ്പെടുകയും അവയെ ചുറ്റിപറ്റി അങ്ങാടികളും ചന്തകളും വളർന്നുവരികയും ചെയ്തു. ഇതിൽ ചിലത് കടൽ മേഖലയുമായി ബന്ധപ്പെട്ട അങ്ങാടികളും നഗരങ്ങളുമായി ഉയർന്നുവരിക യുണ്ടായി. അത്തരത്തിൽ ഒന്നാണ് കൊല്ലം തുറമുഖ പട്ടണം. കൊല്ലം അഴുന്ത എന്നും കൊല്ലം തോണ്ടി എന്നും കൊല്ലം തുറമുഖനഗരത്തിന്റെ ഉദയവും ആക്രമണവുമായി ബന്ധപ്പെട്ടു രണ്ടു വാമൊഴി വഴക്കങ്ങൾ നിലനിൽക്കുന്നുണ്ട് എന്നകാര്യം ഈ സന്ദർഭത്തിൽ സ്മരിക്കാവുന്നതാണ്.

പൗരസ്ത്യവാദ ചരിത്രരചനാ സിദ്ധാന്തം മുന്നോട്ടുവെക്കുന്ന പ്രധാന കാഴ്ച്ചപ്പാടാണ് സ്വയം-പര്യാപ്ത ഗ്രാമീണ സമൂഹം എന്നത്. ഇതനുസരിച്ച് ഓരോ ഗ്രാമങ്ങളും സ്വയംപര്യാപ്തരും പരസ്പ്പരം ഇടകലരാതെ നിലനി ൽക്കുന്ന നിശ്ചല മാത്രകളുമാണ്. മൺറോ, വിൽക്കിൻസ്, എൽഫിൻസ്റ്റൺ, മെറ്റ്കാഫ് തുടങ്ങിയ പണ്ഡിതന്മാർ ഈ വാദം അംഗീകരിക്കുന്നു (ഉപാധ്യായ്, 2016). അധിനിവേശ സൈദ്ധാന്തികന്മാർ പൗരസ്ത്യ ദേശചരിത്രത്തെ പ്രത്യേ കിച്ച് ഇന്ത്യപോലുള്ള ബഹുസ്വര-പരസ്പരാശ്രിത സമൂഹകൂട്ടായ്മകളുടെ അടിസ്ഥാന സ്വത്വമാതൃകകളെ പുറംതള്ളിക്കൊണ്ടാണ് ഇത്തരം അധിനിവേശ സിദ്ധാന്തങ്ങൾക്ക് രൂപം നൽകിയിരിക്കുന്നത്.

മേൽപറഞ്ഞ പൗരസ്ത്യ സ്വയംപര്യാപ്ത -നിശ്ചല ഗ്രാമങ്ങൾ എന്ന കൊളോണിയൽ സങ്കല്പനം ഇന്ത്യയുടെ പരസ്പരപൂരകങ്ങളായ പ്രാദേശിക ഗ്രാമീണ ഘടനയെ അത്യന്തം തള്ളിക്കളഞ്ഞിരിക്കുന്നു. കേരളത്തിന്റെ സ്ഥിതി പരിശോധിച്ചാൽ തന്നെ അക്കാര്യം ബോധ്യപ്പെടും. ഇവിടുത്തെ പരമ്പരാഗത കുടിപ്പാർപ്പ്സമ്പ്രദായത്തിന്റെ ചില പ്രത്യേകതകൾ നോക്കുക. തൊഴിൽ കൂട്ടായ്മകളുടെ സാന്നിധ്യം, ജാതീയതയിലൂന്നിയ തൊഴിൽവിഭജനം, സ്ഥിര-ചര രാശികളായ നിവാസികൾ ചേർന്ന സമൂഹഘടന, വിഭവോത്പാ ദനത്തിലും വിതരണത്തിലും പരസ്പരാശ്രയത്വം കാത്തുസൂക്ഷിക്കുന്ന

പ്രാദേശിക മാത്രകൾ, എന്നിങ്ങനെ പോകുന്നു ഇവിടുത്തെ പ്രദേശങ്ങളുടെ സാമൂഹ്യ പ്രത്യേകതകൾ (അതേ പുസ്തകം, 2016). തൊഴിൽകൂട്ടങ്ങളും നേരിട്ടു കൃഷിയിൽ ഏർപ്പെടുന്നവരും സ്ഥിരരാശികളിലും ബ്രാഹ്മണർ ചരരാശികളിലും ഉൾപ്പെടുന്നു. ഉത്തരമലബാർ മുതൽ ഇങ്ങു തിരുവിതാംകൂർ വരെ വ്യാപിച്ച മുപ്പത്തിരണ്ട് ബ്രാഹ്മണഗ്രാമങ്ങളും അവയുടെ ഉപഗ്രാമങ്ങളും കേരളം മുഴുവൻ അടങ്ങുന്ന ഭൂമിശാസ്ത്ര മേഖലയെ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാന കണ്ണികളായി തുടർന്നിരുന്നു. പലമട്ടിലും തമ്മിൽ ബന്ധപ്പെട്ടിരുന്ന ജാതി സമൂഹങ്ങളെക്കുറിച്ചും അവയുടെ ഓരോന്നിൻറയും പ്രത്യേകതകളെ ക്കുറിച്ചും തരിസാപ്പള്ളി പട്ടയത്തിൽ പരാമർശിച്ചുകാണാം. ജാതികളെക്കുറിച്ച് മാത്രമല്ല അക്കാലത്തെ അധികാര കേന്ദ്രങ്ങളെയും ഭരണവിഭാഗങ്ങളെ ക്കുറിച്ചും സൂചന നൽകുന്നുണ്ട് (വേലുപ്പിളൈ ടി. കെ., 1996).

തരിസാപ്പള്ളി പട്ടയത്തിന്റെ രണ്ടാമത്തെ ഏടിൽ പുറം ഒന്നിലായി ഇത്തരത്തിൽ ഇന്നും കേരളത്തിൽ കണ്ടുവരുന്ന ചില ജാതികളെക്കുറിച്ചുള്ള ജാതി സൂചിത പദങ്ങൾ കൊടുത്തിട്ടുണ്ട് (2007). അധികാര സമൂഹവും, മധ്യകാലകേരളത്തിൽ നിലനിന്നിരുന്ന ഫ്യൂഡൽ സമ്പ്രദായത്തെ പ്രതിനിധീ കരിക്കുന്ന കാരാള കുടിപ്പാർപ്പുകളും, സ്വദേശി -പരദേശി വണിക്കുകളും പള്ളിയതികാരരും ഉൾപ്പെട്ട ക്ഷേത്രേതര സമൂഹ മാതൃകകളും ഉൾച്ചേർന്ന മധ്യകാല സമൂഹഘടനയുടെ ഉത്തമ ദൃഷ്ടാന്തമത്രെ തരിസാപ്പള്ളി ചെപ്പേട്[9].

ഈഴവർ, വണ്ണാർ, തച്ചൻ, കൊല്ലൻ, വെള്ളാള തുടങ്ങിയ ജാതികളെ സംബന്ധിച്ചും എരുവിയർ എന്ന ഇന്ന് സമൂഹത്തിൽ കാണാൻ സാധിക്കാത്ത പഴയ തൊഴിൽജാതി സമൂഹത്തെക്കുറിച്ചും ഇതിൽ പരാമർശിച്ചു കാണുന്നു (ഗുരുക്കൾ.1992). എരുവിയർ എന്നത് ഉപ്പുവാറ്റി ജീവിച്ചിരുന്ന തൊഴിൽ സമൂഹമായിരുന്നു. തരിസാപ്പള്ളി പട്ടയത്തിലും, ദേവീദേവേശ്വരം ക്ഷേത്ര ലിഖിതത്തിലും മാത്രമാണ് ഇവരെക്കുറിച്ച് പ്രതിപാദിച്ചു കാണുന്നത് (രാഘവവാര്യർ 2015). ഇതുകൂടാതെ വിദേശ - സ്വദേശ വണിക്ക് സംഘങ്ങളായ അഞ്ചുവണ്ണം, മണിഗ്രാമം തുടങ്ങിയ വർത്തക സംഘങ്ങളെപ്പറ്റിയും ഇതിൽ പരാമർശിച്ച് കാണാം. തരിസാപ്പള്ളി ചെപ്പേടിൽ കൂടാതെ ഏഴിമല രാമന്തളി, താഴക്കാട് ലിഖിതങ്ങളിലാണ് മണിഗ്രാമത്തെക്കുറിച്ചുള്ള പരാമർശം ഉള്ളത് (അതേ പുസ്തകം, 2015). തരിസാപ്പള്ളി എന്ന പുതിയ വാസസ്ഥാനത്തിന്റെ ആരംഭം എന്നതിലുപരി കൊല്ലം എന്ന തുറമുഖനഗരത്തിന്റെ വളർച്ചയും വികാസവും ഒൻപതാം നൂറ്റാണ്ടിൽ ഉണ്ടായിത്തീർന്നതിന്റെ നേർസാക്ഷ്യമാണ് തരിസാപ്പള്ളിപട്ടയം.

ക്ഷേത്രസമൂഹാചാരങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്നില്ലെങ്കിലും ഈ പ്രദേശത്തിൻറെ ചില സവിശേഷ സ്വഭാവങ്ങൾ തരിസാപ്പള്ളിയുടെ പാർപ്പുമായി ബന്ധപ്പെട്ടു കാണാവുന്നതാണ്. ദേവസ്വഭൂമിയിൽ ഊരാള -കാരാള ബന്ധങ്ങൾ എങ്ങനെ ഏർപ്പെട്ടുവോ ഏതാണ്ട് സമാനമായ നിലക്ക് പള്ളി ഭൂമിയിലും ജീവിത ക്രമങ്ങളും ഭൂബന്ധങ്ങളും ഏർപ്പെട്ടിരുന്നു. ഒരു പ്രദേശ ത്തിന്റെ പൊതുവായ ചില സ്വഭാവ സവിശേഷതകളാണ് ഇവിടെ കാണപ്പെ ടുന്നത്. ഇതിൽ 'നാലുകുടി ഈഴവരും ഒരു കുടി വണ്ണാരും രണ്ടുകുടി എരുവിയരും ഒരു കുടി തച്ചരും ആളടിമകളടക്കം ഭൂമിക്കു കാരാളരായ നാലു

കുടി വെള്ളാളരും കൂടി തേവർക്കു കൊടുക്കേണ്ടതും കൊടുത്തുകൊണ്ടും പള്ളിക്ക് എണ്ണക്കും മറ്റും വേണ്ടുന്ന കടമകൾ മുറതെറ്റാതെ ചെയ്തു കൊണ്ടും ഉദകപൂർവം ദാനമേറ്റ മരുവാൻ സപീരീശോ പണികഴിപ്പിച്ച പള്ളിക്കു കൊടുത്ത ഭൂമി' എന്ന് വ്യക്തമാക്കിയിട്ടുണ്ട് (അതേ പുസ്തകം 2015). ഓരോ ജാതിക്കും ക്ഷേത്ര ഭൂമിയിലെന്നപോലെ തന്നെ പള്ളി ഭൂമിയിലും ചെയ്യേണ്ട കടമകൾ എന്തൊക്കെ യെന്നു കൊടുത്തിരിക്കുന്നു. ഭൂമി നീർവീഴ്ത്തി ദാനം ചെയ്ത പ്രക്രിയയിലും ക്ഷേത്ര സമൂഹ സംബന്ധിയായ ആചാര വിശേഷം കാണാവുന്നതാണ്. ഒരുമതമെന്ന നിലയിലല്ലാതെ ഒരു പ്രദേശത്ത് അധിവസിക്കുന്ന ജനങ്ങളുടെ ആചാരവിശേഷങ്ങൾ എന്ന് ഇതിനെ മനസ്സിലാക്കുന്നതാവും ഉചിതം.

ഓരോ ജാതികൾക്കും ഓരോ കാലഘട്ടത്തിലും ഓരോമട്ടിലുള്ള വ്യവസ്ഥകൾക്ക് വിധേയമാവേണ്ടി വന്നിട്ടുണ്ട്. ജാത്യാചാരങ്ങൾ എല്ലാ കാലഘട്ടങ്ങളിലും ഒരുപോലെ ആയിരുന്നില്ല എന്നകാര്യവും ഈ ലിഖിത ങ്ങളിലൂടെ വ്യക്തമാകുന്നു. ഉദാഹരണത്തിന് താഴെ ലിഖിതപാഠത്തിൽ പരാമർശിക്കുന്നത് നോക്കുക.

ഒൻപതാം നൂറ്റാണ്ടിലെ ഈ ലിഖിതപ്രകാരം ഈഴവർക്ക് തങ്ങളുടെ വാഹനം (കാളവണ്ടി മുതലായവ) കൊണ്ടുവന്ന് അങ്ങാടിയിലും മതിൽക്കകത്തും പെരുമാറാനുള്ള അവകാശമുണ്ടായിരുന്നു എന്നതിന്റെ സൂചനയാണ് കണ്ടത് (രാമചന്ദ്രൻ 2007). ഓരോ ജാതിയുടേയും സാമൂഹ്യ പദവി ഓരോ കാലഘട്ടങ്ങളിലും വ്യത്യസ്തമായിരുന്നു എന്ന് ഇപ്രകാരം തെളിയിക്കാം.

എരുവിയർ എന്ന ഒരു ജാതിസമൂഹത്തെപ്പറ്റി മുൻപ് സൂചിപ്പിച്ചല്ലോ. അവരുടെ പ്രധാന തൊഴിലായിരുന്ന ഉപ്പുവാറ്റലിന് അധിനിവേശ കാലംവരെ തുടർച്ചയുണ്ടായിരുന്നു. സ്വാതന്ത്ര്യലബ്ധിക്കു ശേഷം മറ്റു സംസ്ഥാനങ്ങൾ ഉപ്പുവാറ്റൽ പുനരാരംഭിച്ചപ്പോൾ കേരളത്തിൽ ആ പ്രക്രിയ നിലച്ചുപോവുക യാണുണ്ടായത്. എന്തുകൊണ്ട് കേരളസംസ്ഥാനത്തുമാത്രം ഇതിനൊരു തുടർച്ചയുണ്ടായില്ല എന്നത് നമ്മൾ ഓരോ മലയാളിയും ഗൌരവമായി ആലോചിക്കേണ്ട വിഷയമാണ്. സമകാലീക സാമൂഹ്യ സാഹചര്യത്തിൽ ഉൾപ്പെടുന്ന ഇത്തരം വിഷയങ്ങൾക്ക് ലിഖിതപരിശോധനയിലൂടെ ഉത്തരം കണ്ടെത്താൻ സാധിക്കും എന്നതിനുള്ള ദൃഷ്ടാന്തം കൂടിയാണ് തരിസാപ്പള്ളി പട്ടയം.

ജാത്യാഭിജാത്യങ്ങളും മതവിദ്വേഷങ്ങളും സമകാലീക കേരളസ മൂഹത്തെ വേട്ടയാടുമ്പോൾ മലയാളസമൂഹം രൂപപ്പെട്ടുവന്നതിന്റെ ചരിത്രപശ്ചാത്തലം മനസ്സിലാക്കുന്നത് എന്തുകൊണ്ടും പ്രയോജനപ്പെടും എന്ന് ഈ ലേഖനത്തിലൂടെ വ്യക്തമാക്കുന്നു. മധ്യകാല കേരളത്തിൽ നടന്നിട്ടുള്ള സമൂഹരൂപീകരണപ്രക്രിയ ക്ഷേത്രകേന്ദ്രീകൃതം മാത്രമായിരു ന്നില്ല. ഇവിടെ എത്തിച്ചേർന്നിട്ടുള്ള കച്ചവടസംഘങ്ങളും നമ്മുടെ സമൂഹരൂപീ കരണത്തിൽ കൃത്യമായ പങ്കുവഹിച്ചിട്ടുണ്ട്. തീരപ്രദേശമായതു കൊണ്ടു തന്നെ കടൽകടന്നുവന്ന സംസ്കാരങ്ങളെ ഉൾക്കൊണ്ടുകൊണ്ട് മുന്നേറിയ

ജനതയാണ് മലയാളി. ഭൂമിശാസ്ത്രപരമായ പ്രത്യേകത കൊണ്ടുതന്നെ പശ്ചിമഘട്ടം കടന്ന് അരിച്ചുമാത്രം കടന്നുവന്നിട്ടുള്ള ബൃഹത്പരമ്പര്യവും തുറസ്സായ തീരം വഴി സ്വതന്ത്രമായി എത്തിച്ചേർന്ന സമുദ്രാന്തര ബന്ധങ്ങളും ചേർന്ന് രൂപപ്പെട്ടതാണ് കേരള സമൂഹം എന്ന് തെളിയിക്കാൻ ലിഖിതങ്ങൾക്കു സാധിക്കും. കേരളസമൂഹത്തിൽ വളർന്നു വന്ന ജാതിയുടെ ഉത്ഭവ -വികാസ പരിണാമങ്ങളെ സ്വാധീനിക്കാൻ ഫ്യൂഡൽ സമ്പ്രദായത്തിനു കഴിഞ്ഞിട്ടുണ്ട്. യൂറോപ്പിലേതുപോലെയല്ലെങ്കിലും അർദ്ധഫ്യൂഡൽ വ്യവസ്ഥിതിയുടെ സ്വാധീനം മധ്യകാല കേരള സമൂഹത്തിൽ ദർശിക്കാൻ കഴിയും. കേരളത്തിലെ ജാത്യാചാരങ്ങൾ എല്ലാകാലവും ഒരുപോലെയായിരുന്നില്ല. ഓരോ നൂറ്റാണ്ടിലും വ്യത്യസ്തമായിത്തുടർന്നു വന്നിട്ടുള്ളതാണ് കേരളത്തിലെ ജാതിരൂപങ്ങൾ. ഒൻപതാം നൂറ്റാണ്ടിലെ തരിസാപ്പള്ളി പട്ടയത്തിൽ സൂചിപ്പിക്കുന്ന തീയസമൂഹം വണ്ടിയുമായി നഗരാതിർത്തിക്കുള്ളിൽ കടന്നുവരുന്നതും കച്ചവടസമൂഹവുമായി ബന്ധപ്പെടുന്നതും ലേഖനത്തിൽ എടുത്തുപറഞ്ഞിട്ടുണ്ട്. ഓരോ ജാതിയുടേയും സാമൂഹ്യപദവി ഇത്തരത്തിൽ വ്യത്യസ്തമായിരിക്കെ കേരളസമൂഹ്യപരിഷ്ക്കരണ കാലത്തെ ജാത്യാഭിജാത്യങ്ങൾ എത്തരത്തിൽ ഉണ്ടായിത്തിത്തീർന്നതാണെന്നും അതിനുള്ള സാമൂഹ്യ കാരണങ്ങൾ എന്തൊക്കെയാണെന്നും ലിഖിത ലക്ഷ്യങ്ങളെ അടിസ്ഥാനപ്പെടുത്തി തെളിയിക്കുവാനാണ് ശ്രമിച്ചിട്ടുള്ളത്. മധ്യകാല കേരള സമൂഹത്തെ വരച്ചുകാട്ടുന്നതിനൊപ്പം അവയുടെ സമകാലീക സ്വാധീനത്തെ ക്കൂടി പരാമർശിച്ചിട്ടുണ്ട്.

## കുറിപ്പുകൾ

1. എഴു അല്ലെങ്കിൽ അഴു എന്ന ധാതുവിൽ നിന്നാണ് എഴുത്ത് എന്ന വാക്കിന്റെ ഉൽപ്പത്തി
2. ഹൈറോഗ്ലിഫിക്സ് എന്ന പദത്തിനർത്ഥം പരിശുദ്ധമായ കൊത്തു വരികൾ എന്നാണ്
3. ഈജിപ്തിലെ റൊസേറ്റസ്റ്റോണിൽ മൂന്നു ലിപികൾ കൊത്തിയിട്ടുണ്ടായിരുന്നു. പ്രാചീന ഗ്രീക്കിലും ഡെമോട്ടിക് ലിപിയിലും ഹൈറോഗ്ലിഫിക്സിലുമായിട്ടാണ് ഒരേ വാചകം കൊത്തിയിട്ടുണ്ടായിരുന്നത്. ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക തുടങ്ങി എല്ലാ ഭൂഖണ്ഡങ്ങളിൽ നിന്നുള്ളവരും കടന്നു പോകുന്ന സ്ഥലമായതു കൊണ്ടാവണം മൂന്നു ലിപികളിൽ ഒരേകാര്യം തന്നെ കൊത്തിവച്ചത്. പ്രാചീന ഗ്രീക്ക് ലിപിയിലുള്ള അറിവാണ് ഹൈറോഗ്ലി ഫിക്സ് വായിക്കിച്ചെടുക്കാൻ സഹായിച്ചത്. ജീൻ ഫ്രാൻകോയിസ് ഷമ്പോലിയൻ ആണ് ആദ്യമായി റോസേറ്റാസ്റ്റോൺ വായിച്ചെടുത്തത്.
4. ... ന്തിരുവിളക്കിരണ്ടു പാട്ട നെൽ മുന്നൂറു: പെരുമാൾ അമൈച്ച പെരും പാൻ
   തുരുത്തിക്കരിയാൽ ചെല്ലൂ ന്തിരുവിള കോൻറിനു കൊള്ളുന്നെൽ നൂറ്റയ്മ്പതു പറൈ..., തിരുവല്ല ചെപ്പേട്, വരികൾ 69-70.
5. കരിയിലെഴുപത്തെമ്പറൈ യുങ്കൂട തിരുവക്കിരം ഒരു കലം സ്വ. കന്നിയിൽ

വിയാഴന്നിന്റെ തനു ഞായിറു പറ്റിയ ചങ്കിരാന്തി നാൾ തിരുവല്ല വാഴപ്പൻ പിരതി മുകത്തു യാകമണ്ഡപത്തിൽ വച്ചു ഊരാർ തിരുവടിമാര വിരോതത്താൽ ക്കൂടി ഇരുന്നരുളിയടത്തുവച്ചു വെൺപൊലി നാടുവാഴ്കിൻറ ഇരവി ചിരികണ്ടൻ തന്നുടൈയ മുട്ടാറാകിൻറ പൂമി മൂവായിരത്തെഞ്ഞൂറ്റുക്കല നില മു മാവറക്കൊണ്ടു മുതലമൈയ അട്ടിക്കൊടുത്താനിരവി ചിരികണ്ടൻ തന്തതി ..., തിരുവല്ല ചെപ്പേട്, വരികൾ 48-54.

6. ..റ്റയ്മ്പതുപറൈ വിരചൊഴരാമയ്ച്ച തിരുവിള കോൻറിനു... , തിരുവല്ല ചെപ്പേട്,

7. ....മാണിക്കമംങ്ങലത്ത്വിക്കിരമനാരായണൻ തിരുവാക്കിര ത്തിനമയ്ച്ച പൂമി ഇരുടിയാർ
പതിനകലം...,  തിരുവല്ല ചെപ്പേട്, വരികൾ

8. പുരുഷാന്തരം, രക്ഷാഭോഗം, പാശിപാട്ടം, അങ്ങാടിപാട്ടം, തറിക്കടമൈ, കൊടിക്കടമൈ, കാട്ടുഭോഗം, അടിമപ്പണം, തലപ്പണം, മുലപ്പണം, ആയപ്പണം, പട്ടിവാരം കോറ്റൈ പണം, അഞ്ചാലി, മാറ്റാൽ പണം, നാട്ടു സ്ഥാനം, മേട്ടു കാവൽ, പടപ്പണം, അങ്കം, ചുങ്കം, ഏഴ, കോഴ പൊളിച്ചെഴുത്ത്, ആണ്ടുക്കാഴ്ച, മീശക്കാഴ്ച, മേനിപ്പോന്ന്, ദത്തുകാണിക്ക

9. ഇരണ്ടു കുടി എരുവിയരും ഒരു കുടി തച്ചരുമാളടൈയ പൂമിക്കു കാരാ
ഴർ നാലുകുടി വെള്ളാളരും ഇവ്വനൈവരു(ൻ ) തേവർക്കു നടുവന ന
ട്ടു ഇടുവന  ഇട്ടു പള്ളിക്കു എണ്ണയ്ക്കും  മറ്റും വെ
ണ്ടു ഞ്കടങ്കുറവു വാരാതെയ് ചെയ്യക്കടവരാക ച്ചമൈ ച്ചു ഇ
ന്നകരം കണ്ടു നിരെറ്റ മാറുവാൻ സപീരിശൊ ചെയ് വിച്ചു തരി
സ്സാ പ്പള്ളിക്കു കുടുത്ത ഭൂമിയാവാതു  കൊയിലതികാരികൾ വിയരാകൺ
തേവർ ഉട് പട  ഇരുന്തരുളിപ്  പിടിനടത്തി നിർതുള്ളിയൊടു കൂ
ട അയ്യനടികൾ തിരുവടിയും ഇളങ്കൂറുവഴിൻറെ രാമതിരു
വടിയും അതികാരരും പ്രകൃതിയും അറുനൂറ്റുവരും പുന്നൈത്തലൈയ്
പതിയും പുളൈ കുടിപ്പതിയും ഉൾപ്പട വച്ചു ഇപ്പൂമിക്കെ
ല്ലൈ കിഴക്കു വയൽക്കാടെ യെല്ലൈയാകവുങ് കൊ യിലുമുട പടത് തെ
ൻ കിഴക്കു ചിറുവാതിൽക്കാൽ മതിലൈയെല്ലൈയാകവും പടിഞ്ഞായി
റു കടലൈയെല്ലൈയാകവും വടക്കുത് തൊരണത്തൊട്ടമെ യെല്ലൈയാ...,
തരിസാപ്പള്ളി ചെപ്പേട്

10. ഇവ്വിഴവർ തം വണ്ടി കുണന്തങ്കാടിയിലും മതിലിലും വിയാപരിക്കപ്പെറുവർ..., തരിസാപ്പള്ളി ചെപ്പേട്.

## ഗ്രന്ഥസൂചി


കുഞ്ഞൻപിള്ള, ഇളംകുളം. 1966. *ജന്മി സമ്പ്രദായം കേരളത്തിൽ.* കോട്ടയം: നാഷണൽ ബുക്ക്സ്റ്റാൾ.

ജലീൽ, കെ. എ. 2006. *ലിപികളും മാനവസംസ്കാരവും.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

പരമേശ്വരൻ പിള്ള, വി. ആർ. 1978. *ശിലാലിഖിത വിജ്ഞാനീയം*, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

നമ്പൂതിരിപ്പാട്, ഇ എം എസ്. 2017. *കേരളം മലയാളികളുടെ മാതൃഭൂമി.* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്.

രാമചന്ദ്രൻ, പുതുശ്ശേരി. 2007. *കേരളചരിത്രത്തിന്റെഅടിസ്ഥാന രേഖകൾ*. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

രാഘവവാരിയർ, എം. ആർ, രാജൻ ഗുരുക്കൾ. 2017. *കേരളചരിത്രം ഒന്നാം ഭാഗം* . ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

രാഘവവാരിയർ, എം. ആർ, വെളുത്താട്ട് കേശവൻ. 2015. *തരിസാപ്പള്ളിപ്പട്ടയം*. കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം.

രാഘവവാരിയർ, എം. ആർ.2014. *മധ്യകാലം സ്വരൂപനീതിയുടെ പാഠങ്ങൾ.* കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

Gopinatha Rao, T. A,1992. *Travancore Archaeological Series*. Vol. II & III. Thiruvananthapuram: Department of Cultural Publications, Govrnment of Kerala.

Gurukkal, Rajan,2012.*Social Formations of Early South India*. New Delhi: Oxford India Paperbacks.

Gurukkal, Rajan. 1992. *The Kerala Temple and The Early Medieval Agrarian System*. Sukapuram: VallatholVidyapeetham.

Logan, William. 2004. *Malabar Manual*. New Delhi: Asian Educational Services,

Narayanan, M.G.S. 2013. *Perumals of Kerala*. Thrissur: Cosmo Books.

Raghavavarier, M.R. 2021. *South Indian Inscriptions*.Vol.XLIII (Inscriptions from Kerala). New Delhi, Archaeological Survey of India, 2021.

Sharma. R.S. 2018. *Aspects of Political Ideas and Institutions in Ancient India*. Delhi : Motilal Banarsidass Publishers.

Sharma. R.S. 2014. *How feudal was Indian Feudalism in the Feudalism Debate*. Edited by Harbans Mukhya. New Delhi : Manohar.

Singh, Upinder. 2014. *Varna and Jati in Ancient India'*. In the *Irrevernet History Essays for M.G.S. Narayanan*. Edited by Veluthat Kesavan. Delhi : Primus Books.

Upadhyay, ShashiBhushan. 2016. *Historiography in the Modern World*. New Delhi: Oxford.

Velupillai, T.K, 1996.*The Travancore State Manual*. Vol. II. Thiruvananthapuram: Government of Kerala.

Veluthat, Kesavan, Donald R. Davis Jr. 2014. *Irreverent History Essays for M.G.S.Narayanan*. New Delhi: Primus Books.

Veluthat,Kesavan.2013. *Brahmin Settlements in Kerala*. Thrissur: Cosmo Books.

Veluthat,Kesavan. 2010. *The Early Medieval in South India*. New Delhi: Oxford India Paperbacks.

Veluthat,Kesavan. 2017. *The Political Structure of Early Medieval South India*. New Delhi: Orient Black swan.